കേരള സർക്കാർ

പഞ്ചായത്ത് വകുപ്പ്

# മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

# പൗരാവകാശ രേഖ



*“നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനായ,
ഏറ്റവും നിസ്സഹായനായ മനുഷ്യന്റെ മുഖം
സങ്കല്പിച്ച് നോക്കുക. എന്നിട്ട് നിങ്ങൾ
ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക്
ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ
എന്ന് സ്വയം ചോദിച്ചു നോക്കുക.”*

# ആമുഖം

പഞ്ചായത്തുകൾക്ക് ഭരണഘടനാ പദവി നൽകിയ 73-ാം ഭേദഗതിയുടെ അന്തസത്തയ്ക്കനുസൃതമായി വാക്കിലും അർത്ഥത്തിലും അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ഭരണഘടനാ ഭേദഗതിയുടെ ചുവടുപിടിച്ച് കേരളം രൂപം നൽകിയ പഞ്ചായത്ത് രാജ് ആക്ടും ചട്ടങ്ങളും വികേന്ദ്രീകൃതഭരണത്തെ സുസ്ഥിരമാക്കുന്നതും പൗരന്മാരുടെ അവകാശങ്ങൾക്ക് നിയമപരിരക്ഷ നൽകുന്നതുമാണ്. ജനപങ്കാളിത്ത ആസൂത്രണത്തിലും വികസനത്തിലും ലോകത്തിനുതന്നെ മാതൃകയായ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ വിപുലമായ അധികാരങ്ങളാലും വിഭവങ്ങളാലും ശാക്തീകരിക്കപ്പെട്ടിരിക്കുന്നു. ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളിലും സാമൂഹിക സുരക്ഷിതത്വത്തിലും ജീവസന്ധാരണത്തിനുള്ള മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിലും സേവനദാതാവായും ചാലകശക്തിയായും വർത്തിക്കാൻ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

ആധുനിക ജനാധിപത്യ സമൂഹത്തിൽ ഉത്കൃഷ്ടവും ഗുണമേന്മയുള്ളതും പ്രതിജ്ഞാബദ്ധവും സുതാര്യവുമായ ഒരു ഭരണക്രമമാണ് ജനങ്ങൾ കാംക്ഷിക്കുന്നത്. അത്തരം ഒരു ഭരണക്രമം ഉറപ്പുവരുത്തുന്നതിനുള്ള ഉപാധികളിൽ പ്രധാനപ്പെട്ട ഒന്നാണ് പൗരാവകാശ രേഖ. ഓരോ ഭരണസ്ഥാപനങ്ങളിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് ലഭ്യമാകുന്ന വിവിധയിനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന രേഖയാണ് പൗരാവകാശ രേഖ. ഭരണരംഗത്ത് കാര്യക്ഷമത ഉറപ്പുവരുത്തി നിയമാനുസരണവും സമയബന്ധിതവുമായി സേവനങ്ങൾ പ്രദാനം ചെയ്ത് സാമൂഹ്യനീതിയും ഭരണസുതാര്യതയും കൈവരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഭരണസുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കിക്കൊണ്ട് മാത്രമേ ഭരണസംവിധാനങ്ങൾക്ക് ജനാഭിലാഷം സാക്ഷാത്ക്കരിക്കാനാകൂ. പഞ്ചായത്തുവകുപ്പിലും ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്ന ഇ-ഗവേണൻസ്, ഫ്രണ്ടാഫീസ് തുടങ്ങിയ സംവിധാനങ്ങൾ ഈ രേഖയിൽ വ്യക്തമാക്കിയിട്ടുള്ള സേവനലഭ്യത കാര്യക്ഷമമാക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് പൗരാവകാശ രേഖ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

മുല്ലശ്ശേരി

**30-03-2023**

# ഗ്രാമ പഞ്ചായത്ത്

**1994**-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന് ഓരോ ഗ്രാമത്തിനോ ഗ്രാമങ്ങളുടെ കൂട്ടത്തിനോ ഒരു ഗ്രാമപഞ്ചായത്ത് രൂപീകരിക്കാവുന്നതാണ്. സംസ്ഥാനത്ത് നിലവിൽ 978 ഗ്രാമ പഞ്ചായത്തുകളാണ് ഉള്ളത്. ജനസംഖ്യാനുപാതികമായി ഓരോ ഗ്രാമ പഞ്ചായത്തിലും 13 മുതൽ 23 വരെ നിയോജകമണ്ഡലങ്ങളുണ്ട്. ജനക്ഷേമ കാര്യങ്ങളിലും നിയമപരമായ ചുമതലകളിലും മാത്രമല്ല ആസൂത്രണം, വികസനം, ശുചിത്വം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും ഗ്രാമപഞ്ചായത്ത് അതിന്റെ ചുമതലകൾ നിർവ്വഹിച്ചുകൊണ്ട് നിലകൊള്ളുന്നു. 73-ാം ഭരണഘടനാ ഭേദഗതിയും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടും അനുബന്ധ ചട്ടങ്ങളും വിപുലമായ തോതിൽ അധികാരങ്ങളും വിഭവങ്ങളും വിഷയങ്ങളും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ന് പ്രാദേശിക സർക്കാരുകളാണ്. സമയബന്ധിതമായും നീതിപൂർവ്വമായും വിവിധ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജനസൗഹൃദപരമാക്കുന്നതിനും ഇ ഗവേണൻസ്, ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സംവിധാനം ഉൾപ്പെടെയുള്ള നൂതന പരിപാടികൾ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരികയാണ്.

ഗ്രാമ പഞ്ചായത്ത് അംഗങ്ങളെ സമ്മതിദായകർ വോട്ടെടുപ്പിലൂടെ നേരിട്ട് തെരഞ്ഞെടുക്കുന്നു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിൽ നിന്നും പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും ഭൂരിപക്ഷാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. ഓരോ ഗ്രാമ പഞ്ചായത്തിലും വിവിധ ചുമതലകൾക്കായി ധനകാര്യം, വികസനം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും എന്നീ വിഷയങ്ങളിൽ 4 സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിലെ എല്ലാ അംഗങ്ങളും ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായിരിക്കും. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ വൈസ് പ്രസിഡന്റാണ്. പ്രസിഡന്റ് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും വോട്ടവകാശമില്ലാത്ത അനൗദ്യോഗിക അംഗമായിരിക്കും. പ്രസിഡന്റ് അദ്ധ്യക്ഷനായും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ അംഗങ്ങളായും ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. പഞ്ചായത്തിന്റെ നിർവ്വഹണാധികാരി പഞ്ചായത്ത് പ്രസിഡന്റും മുഖ്യ നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയുമാണ്.

ഗ്രാമ പഞ്ചായത്തുകൾക്ക് 27 അനിവാര്യചുമതലകളും 14 പൊതുവായ ചുമതലകളും മേഖലാടിസ്ഥാനത്തിൽ 19 ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ട്.

## ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യചുമതലകൾ

1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക.
2. പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക.
3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക.
4. കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക.
5. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക.
6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്ത് ക്രമീകരിക്കുക.
7. പേമാരിമൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുക.
8. പരിസ്ഥിതി ആരോഗ്യരക്ഷകമാക്കി സംരക്ഷിക്കുക.
9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക.
10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക.
11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തു എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക.
12. ഭക്ഷണശാലകളെ നിയന്ത്രിക്കുക.
13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക.
14. റോഡുകളും മറ്റ് പൊതുമുതലുകളും സംരക്ഷിക്കുക.
15. തെരുവുവിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക.
16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
17. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക.
18. ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
19. അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക.
20. ജനനവും മരണവും രജിസ്റ്റർ ചെയ്യുക.
21. കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക.
22. കടത്തുകൾ ഏർപ്പെടുത്തുക.
23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക.
24. യാത്രക്കാർക്കായി വെയ്റ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.
25. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും, കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.
26. മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക.
27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക.

## ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങൾ

കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയ മേഖലകളിലായി ത്രിതല പഞ്ചായത്തുകൾ വൈവിധ്യമാർന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിച്ചു വരികയാണ്. കൃഷി, വ്യവസായം, മൃഗസംരക്ഷണം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം എന്നിങ്ങനെ സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടപെടുന്ന ഗ്രാമ പഞ്ചായത്തുകളെ അതിന്റെ ചുമതലാ നിർവ്വഹണത്തിന് പ്രാപ്തമാക്കുന്നതിനുവേണ്ടി ഏതാനും സ്ഥാപനങ്ങൾ 1995–ലും തുടർന്നുള്ള വർഷങ്ങളിലും സർക്കാർ കൈമാറിയിരുന്നു.

1. ***കൃഷി വകുപ്പ്:*** അതാതുസ്ഥലത്തെ കൃഷിഭവൻ.
2. ***മൃഗസംരക്ഷണ വകുപ്പ്:*** അതാതുസ്ഥലത്തെ വെറ്ററിനറി സബ്സെന്റർ, വെറ്ററിനറി ഡിസ്പെൻസറി, വെറ്ററിനറി ആശുപത്രി.
3. ***ക്ഷീര വികസനവകുപ്പ്:*** ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസർ തസ്തികയും അനുബന്ധ തസ്തികകളും (ഈ യൂണിറ്റ് ബ്ലോക്കുപഞ്ചായത്തു പ്രദേശത്തെ ഏതെങ്കിലും ഒരു ഗ്രാമ പഞ്ചായത്തിനു കൈമാറ്റം ചെയ്യേണ്ടതും അത് ബ്ലോക്ക് പഞ്ചായത്തു പ്രദേശത്തെ എല്ലാ ഗ്രാമ പഞ്ചായത്തിലും പ്രവർത്തിക്കേണ്ടതുമാണ്.)
4. ***മത്സ്യബന്ധന വകുപ്പ്:*** മത്സ്യഭവനും അതിലെ ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ തസ്തികയും (ആവശ്യമായ ഗ്രാമ പഞ്ചായത്തിൽ മാത്രം).
5. ***ഗ്രാമ വികസന വകുപ്പ്:*** 2 വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ തസ്തികകളും ആഫീസും.
6. ***സാമൂഹ്യക്ഷേമ വകുപ്പ്:*** അതാതുസ്ഥലത്തെ ഡേകെയർ സെന്ററുകളും അംഗൻവാടികളും.
7. ***പട്ടികജാതി വികസന വകുപ്പ്:*** അതാതുസ്ഥലത്തെ ബാലവാടികൾ, ബാലവാടി–കം–ഫീഡിംഗ് സെന്റർ, സീസണൽ ഡേകെയർ സെന്റർ ഡോർമെറ്ററി.
8. ***പട്ടികവർഗ്ഗ വികസന വകുപ്പ്:*** അതാതുസ്ഥലത്തെ ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നഴ്സറി സ്കൂളുകൾ, മിഡ്വൈഫറി സെന്ററുകൾ, ആയുർവേദ ഡിസ്പെൻസറികൾ.
9. ***ആരോഗ്യ വകുപ്പ്:*** അതാതു സ്ഥലത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഗവൺമെന്റ് ഡിസ്പെൻസറികൾ.
10. ***ആയുർവേദ വകുപ്പ്:*** അതാതു സ്ഥലത്തെ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി/ ആശുപത്രി.
11. ***ഹോമിയോപ്പതി വകുപ്പ്:*** അതാതു സ്ഥലത്തെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി/ ആശുപത്രി.
12. ***പൊതുവിദ്യാഭ്യാസ വകുപ്പ്:*** അതാതു സ്ഥലത്തെ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ.

* 1–1–2008 മുതൽ നിലവിൽ വന്ന തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗാണ് ഗ്രാമ പഞ്ചായത്തുകളുടെ പൊതുമാരമത്തു പണികളുടെ ചുമതല നിർവ്വഹിക്കുന്നത്.

ഇന്ന് പൗരന്മാർക്ക് അവശ്യം ലഭിക്കേണ്ട സേവനങ്ങളുടെ ഭൂരിഭാഗവും പ്രദാനം ചെയ്യുന്നത് ഗ്രാമ പഞ്ചായത്തുകളാണ്. സംസ്ഥാനത്തെ ഓരോ ഗ്രാമ പഞ്ചായത്തും അവ പൗരന്മാർക്ക് ലഭ്യമാക്കുന്ന സേവനങ്ങളും അവയുടെ വ്യവസ്ഥകളും സമയപരിധിയും ഉൾപ്പെടുന്ന പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ പൗരന്മാർക്ക് നൽകുന്ന സേവനങ്ങളുടെ സമയക്രമം ഓരോ പഞ്ചായത്തുകളിലും വ്യത്യസ്തമാണ്. ഗ്രാമ പഞ്ചായത്തുകൾ പൗരന്മാർക്ക് നൽകിവരുന്ന പൊതുവായ സേവനങ്ങൾ ചുവടെ ചേർക്കുന്നു.

## പൗരാവകാശ രേഖ

*(സേവനാവകാശ നിയമപ്രകാരം പ്രസിദ്ധപ്പെടുത്തിയ സേവനങ്ങൾക്ക് വിജ്ഞാപന പ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | *ജനന രജിസ്ട്രേഷൻ | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. പഞ്ചായത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്ന നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച് നൽകണം. | 1 പഞ്ചായത്ത് അതിർത്തിയിൽ നടക്കുന്ന ജനനങ്ങൾ മാത്രം<br>2. വീട്ടിൽ വെച്ചുള്ള ജനനം കുടുംബത്തിലെ/ വീട്ടിലെ മുതിർന്ന അംഗവും ആശുപത്രികളിൽ വെച്ചുള്ള ജനനം ബന്ധപ്പെട്ട ഡോക്ടറും റിപ്പോർട്ട് ചെയ്യേ താണ്. | 21 ദിവസം വരെ സൗജന്യവും 21 ദിവസം കഴിഞ്ഞ് 30 ദിവസം വരെ ലേറ്റ് ഫീ 2 രൂപ | 7 പ്രവർത്തി ദിവസം |
| 2 | *മരണ രജിസ്ട്രേഷൻ | രജിസ്ട്രാർ & സെക്രട്ടറി | പഞ്ചായത്തിൽ സൗജന്യമായി ലഭിക്കുന്ന നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച് നൽകണം. | 1. പഞ്ചായത്ത് അതിർത്തിയിൽ നടക്കുന്ന മരണങ്ങൾ മാത്രം ഓൺലൈനായി റിപ്പോർട്ട് ചെയ്യണം<br>2. വീട്ടിൽ വെച്ചുള്ള മരണം കുടുംബത്തിലെ/വീട്ടിലെ മുതിർന്ന അംഗവും പഞ്ചായത്തിൽപ്പെട്ട ആശുപത്രികളിൽ വെച്ചുള്ള മരണം ബന്ധപ്പെട്ട ഡോക്ടറും റിപ്പോർട്ട് ചെയ്യേതാണ്.<br>3 മരണ റിപ്പോർട്ടിന്റെ കൂടെ അപേക്ഷകന്റേയും മരണപ്പെട്ട വ്യക്തിയുടേയും ആധാർകാർഡ് കോപ്പി | 21 ദിവസം വരെ സൗജന്യവും 21 ദിവസം കഴിഞ്ഞ് 30 ദിവസം വരെ ലേറ്റ് ഫീ 2 രൂപ | 7 പ്രവർത്തി ദിവസം |
| 3 | *ജനനം/മരണം വൈകി രജിസ്റ്റർ ചെയ്യൽ (30 ദിവസത്തിനുശേഷം 1 വർഷം വരെ) | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത് മുഖാന്തിരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നൽകണം. | 1. ഓൺലൈൺ അപേക്ഷ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ സമർപ്പിക്കണം<br>2. നിശ്ചിത മാതൃകയിലുള്ള<br>3. പൂർണ്ണമായ അപേക്ഷ 2കോപ്പി. ജനന/മരണ റിപ്പോർട്ട് 2കോപ്പി.<br>4. നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം 2 കോപ്പി.<br>5. ജനിച്ച/മരിച്ചവരുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖകൾ. | ഈ പഞ്ചായത്തിൽ നടന്ന ജനന/മരണങ്ങൾ മാത്രം. | ലേറ്റ് ഫീ 5 രൂപ (അനുമതി ലഭിച്ചതിനു ശേഷം) | 7 പ്രവർത്തി ദിവസം |
| 4 | *ജനനം/മരണം നടന്ന് 1 വർഷത്തിന് ശേഷമുള്ള സംഗതികളിൽ | അനുമതി നൽകേത് സബ്ഡിവിഷണൽ മജിസ്ട്രേറ്റ് രജിസ്ട്രേഷൻ നടത്തേത് രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) | 1. ഓൺലൈൺ അപേക്ഷ ഐ എൽ ജി എം എസ് സോഫ്റ്റ് വെയറിൽ സമർപ്പിക്കണം<br>2. അപേക്ഷ (5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് ഒട്ടിച്ചത്)<br>3. ജനന/മരണ റിപ്പോർട്ട് 2 കോപ്പി<br>4. സബ്ഡിവിഷണൽ മജിസ്ട്രേറ്റിൽ നിന്നുള്ള അനുമതി | വീട്ടിൽ വെച്ച് നടന്ന ജനനം/മരണമാണെങ്കിൽ - ഗൃഹനാഥൻ<br>സ്ഥാപനങ്ങളിൽ - സ്ഥാപനമേധാവി<br>വാഹനങ്ങളിൽ - വാഹനത്തിന്റെ ചുമതലക്കാരൻ | 10 രൂപ (അനുമതി ലഭിച്ചതിനു ശേഷം) | (സബ്ഡിവിഷണൽ മജിസ്ട്രേറ്റിൽ നിന്നും അനുമതി ലഭിച്ച് 7 ദിവസത്തിനകം |
| 5 | ജനന /മരണ സർട്ടിഫിക്കറ്റുകൾ (1970 മുതൽക്കുള്ള സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വെബ്സൈറ്റിൽ ലഭ്യമാണ്. പൊതുജനങ്ങൾക്ക് ആയത് പ്രിന്റ് എടുത്ത് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.) | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത മാതൃകയിലുള്ള പൂർണ്ണമായ അപേക്ഷ.<br>2. അപേക്ഷകയുടെ(ന്റെ) പേരിൽ വാങ്ങിയ 50 രൂപയിൽ കുറയാത്ത വിലയ്ക്കുള്ള മുദ്രപത്രം. | ഈ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ജനന മരണങ്ങളുടെ സർട്ടിഫിക്കറ്റുകൾ മാത്രമേ ലഭിക്കുകയുള്ളൂ. | തെരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപയും പകർത്തൽ ഫീസ് 5 രൂപയും, തപാലിൽ ലഭിക്കുന്നതിന് ആവശ്യമായ തപാൽ ചാർജ്ജ്. | 7 പ്രവർത്തി ദിവസം (സെക്ഷൻ 12 പ്രകാരമുള്ള സാക്ഷ്യപത്രം അതേ ദിവസം) |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 6 | സ്കൂളിൽ ചേർത്തതിന്ശേഷം/6 വയസ്സ് പൂർത്തിയായശേഷം പേര് ചേർക്കുന്ന സംഗതികളിൽ | രജിസ്ട്രാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 1. ഓൺലൈൻ അപേക്ഷ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ സമർപ്പിക്കണം<br>2. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (മാതൃക അനുബന്ധം 8 കാണുക)<br>3. സ്കൂൾ രേഖയുടെ / അഡ്മിഷൻ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4. അപേക്ഷകർ മാതാപിതാക്കളാണെങ്കിൽ അവരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്<br>5 ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം (അനുബന്ധം 12) | 1. അപേക്ഷ മാതാപിതാക്കളോ/പ്രായപൂർത്തിയായവരാണെങ്കിൽ അവർ തന്നെയോ നൽകണം. പ്രായപൂർത്തിയായവർ അപേക്ഷിക്കുന്ന സംഗതികളിൽ മാതാപിതാക്കളുടെ തിരിച്ചറിയൽ കാർഡുകൾ ആവശ്യമില്ല.<br>2. സ്കൂളിൽ ചേർന്ന് ശേഷം പേര് ചേർക്കുന്നത് സ്കൂൾ രേഖയിലെപോലെ ആയതിനാൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോ തിരിച്ചറിയൽ രേഖയുടെ പകർപ്പോ ആവശ്യമില്ല.<br>3. പ്രായപൂർത്തിയാകാത്ത കുട്ടികളുടെ സംഗതിയിൽ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലെങ്കിൽ രക്ഷാകർത്താവിന് അപേക്ഷ സമർപ്പിക്കാം.<br>4. മാതാപിതാക്കൾ വിവാഹബന്ധം വേർപെടുത്തിയ സംഗതികളിലും മാതാവ്/പിതാവ് ഉപേക്ഷിച്ചുപോയ സംഗതികളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ/പിതാവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് / തിരുത്തൽ നടത്താം. (സർക്കുലർ നമ്പർ 55767/RD3/2014/LSGD/18.12.2014) | 5 രൂപ | 7 പ്രവൃത്തി ദിവസം. (രജിസ്ട്രേഷൻ രേഖയിലും സ്കൂൾ രേഖയിലും 10 മാസത്തിൽ കൂടുതൽ വയസ് വ്യത്യാസം ഉെങ്കിൽ ജില്ലാ രജിസ്ട്രാറിൽ നിന്ന് അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം) |
| 7 | ജനനക്രമം/എൻക്വയറി (തിരിച്ചറിയൽ) സർട്ടിഫിക്കറ്റ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2. ഡിക്ലറേഷനിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ (സ്കൂൾ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ആശുപത്രി രേഖകൾ മുതലായവ) | കുട്ടിയുടെ പേര്, ആണോ/പെണ്ണോ, ജനന തീയ്യതി, ജനന സ്ഥലം, ജനനക്രമം, മാതാപിതാക്കളുടെ പേര്, വിലാസം എന്നിവ അപേക്ഷയിൽ കാണിച്ചിരിക്കണം. | ഫീസില്ല | 5 പ്രവൃത്തി ദിവസം. |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ലായെന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ. | 1. ഓൺലൈൻ അപേക്ഷ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ സമർപ്പിക്കണം<br>2. ജനനം/മരണം നടന്ന സമയത്തെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ.<br>3. ജനനം/മരണം നടന്ന സ്ഥലം തെളിയിക്കുന്ന രേഖകൾ.<br>4. അപേക്ഷകന്റെ തിരിച്ചറിയൽ രേഖ | സർട്ടിഫിക്കറ്റ് ഫീസ് 2 രൂപ തെരച്ചിൽ ഫീസ് ഒരു വർഷത്തിന് 2 രൂപ വീതം. | 7 പ്രവൃത്തി ദിവസം. |
| 9 | ജനനം/മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിൽ തിരുത്തലുകൾ വരുത്തുന്നതിന്. | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ. | 1. ജനനം/മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ വ്യക്തിയുടെ/അധികാരിയുടെ തിരുത്തൽ കത്ത്.<br>2. വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.<br>3. ര് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ.<br>4. സ്കൂൾ സർട്ടിഫിക്കറ്റ് പകർപ്പ്.<br>5. ലൈസൻസ്/പാസ്പോർട്ട് പകർപ്പ്.<br>6. തിരിച്ചറിയൽ കാർഡ് പകർപ്പ്.<br>7. റേഷൻ കാർഡ് പകർപ്പ്.<br>8. അപേക്ഷകൻ താമസിക്കുന്നത് രജിസ്ട്രേഷൻ യൂണിറ്റിന് പുറത്താണെങ്കിൽ ബന്ധപ്പെട്ട ലോക്കൽ രജിസ്ട്രാറിൽ നിന്നുള്ള സാക്ഷ്യപത്രം.<br>9. കാലാകാലങ്ങളിൽ ഗവർമെ് സർക്കുലർപ്രകാരം നിർദ്ദേശിക്കുന്ന മറ്റ് രേഖകൾ. | സർട്ടിഫിക്കറ്റ് ഫീസ് 5 രൂപ. | 7 പ്രവൃത്തി ദിവസം. (അനുമതി ആവശ്യമെങ്കിൽ ആയത് ലഭ്യമായ ശേഷം) |
| 10 | *ഹിന്ദു വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 30 ദിവസത്തിനകം | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച പൂരിപ്പിച്ച അപേക്ഷ.<br>2. നിർദ്ദിഷ്ട ഫോറത്തിലുള്ള റിപ്പോർട്ട് സഹിതം. | 1. ഹിന്ദു മാതാചാര പ്രകാരം വിവാഹിതരായി എന്നതിനുള്ള തെളിവുകൾ.<br>2. പ്രായം തെളിയിക്കുന്നതിനുള്ള തെളിവുകൾ.<br>3. വരന്റെ/വധുവിന്റെ ആദ്യ വിവാഹം അല്ലെങ്കിൽ ബന്ധം വേർപെടുത്തിയതിന്റെ/വേർപിരിഞ്ഞതിന്റെ/മരണപ്പെട്ടതിന്റെനിയമാനുസൃത രേഖകൾ. | ഫീസില്ല | 15 പ്രവൃത്തി ദിവസം. |
| 11 | *ഹിന്ദു വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 30 ദിവസത്തിന് ശേഷം) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് മുഖാന്തിരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ. | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച പൂരിപ്പിച്ച അപേക്ഷ.<br>2. നിർദ്ദിഷ്ട ഫോറത്തിലുള്ള റിപ്പോർട്ട് സഹിതം. | 1. ഹിന്ദു മാതാചാര പ്രകാരം വിവാഹിതരായി എന്നതിനുള്ള തെളിവുകൾ.<br>2. പ്രായം തെളിയിക്കുന്നതിനുള്ള തെളിവുകൾ.<br>3. വരന്റെ/വധുവിന്റെ ആദ്യ വിവാഹം അല്ലെങ്കിൽ ബന്ധം വേർപെടുത്തിയതിന്റെ/വേർപിരിഞ്ഞതിന്റെ/മരണപ്പെട്ടതിന്റെ നിയമാനുസൃത രേഖകൾ.<br>4. വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള കാരണം കാണിക്കുന്ന സംയുക്ത അപേക്ഷ.<br>5. അപേക്ഷകർ ഒരുമിച്ച് ഭാര്യാ-ഭർത്താക്കൻമാരായി താമസിക്കുന്നു എന്ന് കാണിക്കുന്ന വ്യത്യസ്ഥരായ ര് ഗസറ്റഡ് ഓഫീസർമാരുടെ സാക്ഷ്യപത്രങ്ങൾ. | ഫീസില്ല | 15 പ്രവൃത്തി ദിവസം. |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 12 | *പൊതുവിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 45 ദിവസത്തിനകം) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച പൂരിപ്പിച്ച അപേക്ഷ.<br>2. നിർദ്ദിഷ്ട ഫോറത്തിലുള്ള മെമ്മോറാം 2 കോപ്പി. | 1. ഓൺലൈൻ അപേക്ഷ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ സമർപ്പിക്കണം<br>2. പ്രായം തെളിയിക്കുന്നതിനുള്ള തെളിവുകൾ.<br>3. മതപരമായ വിവാഹം ആണെങ്കിൽ/സ്റ്റാറ്റ്യൂട്ടറി നിയമപ്രകാരമാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രം.<br>4. സാക്ഷികളുടെ തിരിച്ചറിയൽ പകർപ്പ്, ഭാര്യ-ഭർത്താക്കന്മാരുടെ ആധാർകാർഡ്പകർപ്പ് | രജിസ്ട്രേഷൻ ഫീസ് 100 രൂപ. സർട്ടിഫിക്കറ്റ് ഫീസ് 20 രൂപ. | 7 പ്രവൃത്തി ദിവസം. |
| 13 | *പൊതുവിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 45 ദിവസത്തിന് ശേഷം 5 വർഷം വരെ) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച പൂരിപ്പിച്ച അപേക്ഷ.<br>2. നിർദ്ദിഷ്ട ഫോറത്തിലുള്ള മെമ്മോറാം 2 കോപ്പി. | 1. ഓൺലൈൻ അപേക്ഷ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ സമർപ്പിക്കണം<br>2. പ്രായം തെളിയിക്കുന്നതിനുള്ള തെളിവുകൾ.<br>3. മതപരമായ വിവാഹം ആണെങ്കിൽ/സ്റ്റാറ്റ്യൂട്ടറി നിയമപ്രകാരമാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രം.<br>4. ഫോറം നമ്പർ 2 ലുള്ള തെളിവ്.<br>5. സാക്ഷികളുടെ തിരിച്ചറിയൽ പകർപ്പ്, ഭാര്യ-ഭർത്താക്കന്മാരുടെ ആധാർകാർഡ്പകർപ്പ് | രജിസ്ട്രേഷൻ ഫീസ് 100രൂപ. 100 രൂപ പിഴ സർട്ടിഫിക്കറ്റ് ഫീസ് 20 രൂപ. | 7 പ്രവൃത്തി ദിവസം. |
| 14 | വിവാഹം നടന്ന് 5 വർഷത്തിനുശേഷം ഉള്ള രജിസ്ട്രേഷൻ | അനുമതി നൽകുന്നത് - രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) രജിസ്റ്റർ ചെയ്യുന്നത് - വിവാഹ(പൊതു) തദ്ദേശ രജിസ്ട്രാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 1 ഓൺലൈൻ അപേക്ഷ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ സമർപ്പിക്കണം<br>2 സാക്ഷികളുടെ തിരിച്ചറിയൽ രേഖ പകർപ്പ്,<br>3. ജനനതിയ്യതി തെളിയിക്കുന്ന രേഖകൾ (ജനനസർട്ടിഫിക്കറ്റ്/സ്കൂൾ രേഖ/ പാസ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ്/ ആധാർ കാർഡ്/ ജനനതിയ്യതി രേഖപ്പെടുത്തിയ ഇലക്ഷൻ തിരിച്ചറിയൽ കാർഡ് തുടങ്ങിയവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്<br>4. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ എം.പി. എൽ.എ. ഗസറ്റഡ് ഓഫീസർ, പഞ്ചായത്ത് മെമ്പർ/നഗരസഭാ കൗൺസിലർ എന്നിവരിൽ ആരെങ്കിലും നൽകിയ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫോറം 11) അല്ലെങ്കിൽ വിവാഹം നടന്നു എന്ന് തദ്ദേശ രജിസ്ട്രാർക്ക് ബോധ്യമാകുന്ന മറ്റെന്തെങ്കിലും രേഖകൾ | 1. വ്യത്യസ്ത മതവിഭാഗങ്ങളിൽപെടുന്നവരുടേയും വിവാഹങ്ങൾ നിയമാനുസൃതമെങ്കിൽ രജിസ്റ്റർ ചെയ്യാം.<br>2. അതത് രജിസ്ട്രേഷൻ യൂണിറ്റിൽ വെച്ച് നടക്കുന്ന വിദേശീയരും ഇന്ത്യക്കാരുമായുള്ള വിവാഹങ്ങളും രജിസ്ട്രേഷൻ ചെയ്യുന്നതിന് നിയമതടസ്സം ഇല്ല.<br>3. ഭാര്യയും ഭർത്താവും രജിസ്റ്ററിൽ നിർബന്ധമായും ഒപ്പുവെച്ചിരിക്കണം. എന്നാൽ ഒരുമിച്ച് ഹാജരാകണമെന്നില്ല.<br>4. ഒരാൾ മരണപ്പെട്ട സംഗതിയിൽ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കി ജീവിച്ചിരിക്കുന്നയാൾക്ക് രജിസ്ട്രേഷൻ നടത്താം.<br>5. വിവാഹം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ചട്ടം 11 അനുസരിച്ച് വിവാഹ സർട്ടിഫിക്കറ്റ് ഉടനെ തന്നെയോ എന്നാൽ പരമാവധി 3 പ്രവൃത്തി ദിവസത്തിനുള്ളിലോ പ്രത്യേക അപേക്ഷ കൂടാതെ ബന്ധപ്പെട്ട കക്ഷികൾക്ക് നൽകേതാണ്.<br>6. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിന്റെ സാക്ഷ്യപത്രമോ ഫോറം 2ലെ സാക്ഷ്യപത്രമോ ഹാജരാക്കുന്ന സംഗതികളിൽ തെളിവിനായി മറ്റൊരു രേഖയും ആവശ്യപ്പെടേതില്ല (31.12.2013 നം. 68616/ആർ.സി.3/2013/തസ്വഭവ നമ്പർ കത്ത്) | രജിസ്ട്രേഷൻ ഫീസ് 100 രൂപ. പിഴ 250 രൂപ സർട്ടിഫിക്കറ്റ് ഫീസ് 20 രൂപ (അധിക സർട്ടിഫിക്കറ്റ് ഒന്നിന് 25 രൂപ) | രജിസ്ട്രാർ ജനറലിൽ നിന്ന് അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | 7. പ്രായപൂർത്തിയാകാതെ നടന്ന എല്ലാവിവാഹങ്ങളും പ്രായപൂർത്തിയായി രുവർഷത്തിനകം വിവാഹം അസാധുവാകുന്നതിനുള്ള അപേക്ഷ കോൺട്രാക്റ്റിംഗ് പാർട്ടിയിലെ ഒരാൾ ജില്ലാ കോടതിയിൽ സമർപ്പിക്കാത്ത പക്ഷം വവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്.<br>8. പുനർ വിവാഹമാണെങ്കിൽ പങ്കാളി മരണപ്പെട്ടതിന്റെ തെളിവോ കോടതി മുഖേന വിവാഹ ബന്ധം വേർപ്പെടുത്തിയതിന്റെ രേഖകളോ ബാജരാക്കണം.<br>9. അപ്പീലും റിവിഷനും നൽകേത് 3 മാസത്തിനകവും തീർപ്പാക്കേത് 60 ദിവസത്തിനകവുമാണ്.<br>10. 27.06.2013 വരെ നടന്ന എല്ലാ വിവാഹങ്ങളും പ്രായപരിധി പരിഗണിക്കാതെ രജിസ്റ്റർ ചെയ്യാം.<br>11. മുസ്ലീം വിവാഹത്തിന്റെ സംഗതിയിൽ ശരിയത്ത് നിയമത്തിന് വിധേയമായിട്ടുള്ള (1) ഭർത്താവ് ഭാര്യയെ മൊഴിചൊല്ലിയതായി കാണിക്കുന്ന ജുമാഅത്തിൽ നിന്നുള്ള രേഖകളോ (2) ഭർത്താവും ഭാര്യയും തമ്മിൽ പരസ്പരധാരണയിൽ ഉാക്കിയ വിവാഹമോചനകരാർ രേഖയുടെ പകർപ്പോ (3) കോടതിയിൽ നിന്നുള്ള വിവാഹമോചന ഉത്തരവോ മതിയാകുന്നതാണ്.<br>12. ബനന്ധുത്വം ഉള്ളവക് സാക്ഷികളാകുന്നതിന് യാതൊരു നിയമ തടസ്സവും ഇല്ല. | രജിസ്ട്രേഷൻ ഫീസ് 100 രൂപ. സർട്ടിഫിക്കറ്റ് ഫീസ് 20 രൂപ. | 7 പ്രവൃത്തി ദിവസം. |
| | വിവാഹരജിസ്റ്ററിലെ തിരുത്തലുകൾ | വിവാഹ(പൊതു) തദ്ദേശ രജിസ്ട്രാർ | 1. ഓൺലൈൻ അപേക്ഷ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ സമർപ്പിക്കണം<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ<br>3. ഫീസ് 100 രൂപ അടച്ച വിവരങ്ങൾ | 1. തിരുത്തൽ വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിന് മുമ്പ് ബന്ധപ്പെട്ട കക്ഷിയെ കേൾക്കുവാൻ ഒരു അവസരം നൽകേതും തീരുമാനത്തിന്റെ പകർപ്പ് വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾക്ക് നൽകേതാണ്.<br>2. ദമ്പതിമാരിൽ ഒരാൾ മരണപ്പെട്ടാലും ജീവിച്ചിരിക്കുന്ന ഒരാളുടെ അപേക്ഷ പ്രകാരം രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട് തിരുത്തൽ വരുത്താവുന്നതാണ് (ചട്ടം 9(3), 13) | ക്ലറിക്കൽ തെറ്റുകൾക്ക് ഫീസില്ല. മറ്റ് തെറ്റുകൾ തിരുത്തുന്നതിനുള്ള ഫീസ് 100 രൂപ മുൻകൂട്ടി അടച്ചിരിക്കണം. | രജിസ്ട്രാർ ജനറലിൽ നിന്ന് അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | | | | |
| | വിവാഹരജിസ്റ്ററിലെ പേര്, വയസ്, തിയ്യതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ | അനുമതി നൽകുന്നത് രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) തിരുത്തൽ വരുത്തേത് - വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ | 1. ഓൺലൈൻ അപേക്ഷ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ സമർപ്പിക്കണം (മാതൃക - അനുബന്ധം 19 കാണുക)<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ.<br>3. ഫീസ് 100 രൂപ അടച്ച വിവരങ്ങൾ | 1. തിരുത്തൽ വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിന് മുമ്പ് ബന്ധപ്പെട്ട കക്ഷിയെ കേൾക്കുവാൻ ഒരു അവസരം നൽകേതും തീരുമാനത്തിന്റെ പകർപ്പ് വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾക്ക് നൽകേതാണ്.<br>2. ദമ്പതിമാരിൽ ഒരാൾ മരണപ്പെട്ടാലും ജീവിച്ചിരിക്കുന്ന ഒരാളുടെ അപേക്ഷ പ്രകാരം രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട് തിരുത്തൽ വരുത്താവുന്നതാണ്.<br>3. വിവാഹ രജിസ്ട്രേഷനിൽ പാസ്പോർട്ടിലേതുപോലെ സർനെയിം ചേർത്തും ഇനീഷ്യൽ വികസിപ്പിച്ചും കൊള്ള തിരുത്തലുകൾ കേരളാവിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ അനുസരിച്ച് നടത്താവിന്നതാണ്. (പ്രിൻസിപ്പൽ സെക്രട്ടറിയുടെ 2.7.2012ലെ ലെറ്റർ നമ്പർ 29297/RD32012/LSGD) | ക്ലറിക്കൽ തെറ്റുകൾക്ക് ഫീസില്ല. മറ്റ് തെറ്റുകൾ തിരുത്തുന്നതിനുള്ള ഫീസ് 100 രൂപ മുൻകൂട്ടി അടച്ചിരിക്കണം. | രജിസ്ട്രാർ ജനറലിൽ നിന്ന് അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |
| 15 | കെട്ടിട നിർമ്മാണ പെർമിറ്റുകൾ<br>കാറ്റഗറി നമ്പർ 2 പഞ്ചായത്തുകളിൽ പെർമിറ്റുകൾ ആവശ്യമില്ലാത്ത കെട്ടിട നിർമ്മാണങ്ങൾക്ക് എൻ.ഒ.സി. നൽകൽ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | അപേക്ഷ സങ്കേതം, ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം<br>1. എ2 ഫാറം<br>2. എൻ.ഒ.സി.ക്ക് വേിയുള്ള 5 രൂപ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ (മാതൃക അനുബന്ധം 21)<br>3. പട്ടയം/ആധാരത്തിന്റെ പകർപ്പ് (അസ്സൽ പരിശോധനക്ക് ഹാജരാക്കണം) (ഫോറം എ2 ഇനം 7)<br>4. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>5. ഉടമസ്ഥന്റെ പേരിൽ ഭൂനികുതിയടച്ച രസീതിന്റെ പകർപ്പ്<br>6. ചട്ടം 7ലെ സബ്റൂൾ 5,6,8,9ലെ നിബന്ധനകൾക്ക് വിധേയമായിട്ടുള്ള ഡിഫൻസ്, റെയിൽവെ, സെക്യൂരിറ്റി സോൺ എന്നിവയുടെ സംഗതിയിൽ എൻ.ഒ.സി. ലഭിക്കുന്നതിന് അയച്ച് നൽകുന്നതിന് വേിയുള്ള റഫ് സ്കെച്ച് (സ്ഥലഅതിർത്തികൾ, നിലവിലുള്ളതും പണിയാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിടത്തിലേക്ക് അതിർത്തികളിൽ നിന്നുള്ള ദൂരം പ്രത്യേകം കാണിച്ചിട്ടുള്ള രൂപരേഖ) | | ഫീസ് ആവശ്യമില്ല | 10 ദിവസം |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | | | | |
| | കെട്ടിടനിർമ്മാണ പെർമിറ്റുകൾ (പുതിയവയും ഉപയോഗ ആവശ്യമാറ്റത്തിനും (റൂൾ7) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | അപേക്ഷ സങ്കേതം, ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം<br>1. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടം അനുബന്ധം എയിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ ഒട്ടിച്ച്)<br>2. പട്ടയം / ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനക്ക് ഹാജരാക്കണം)<br>3. കൈവശാവകാശ സർട്ടിഫിക്കറ്റ് (ഭൂമിയുടെ തരം രേഖപ്പെടുത്തിയിരിക്കണം)<br>4. സ്ഥലമുടമസ്ഥന്റെ പേരിൽ ഭൂനികുതിയടച്ച രശീതിന്റെ പകർപ്പ്<br>5. ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ, സെക്ഷൻ എലിവേഷൻ/ടെറസ് പ്ലാൻ/ സ്പെസിഫിക്കേഷൻ, സർവ്വീസ് പ്ലാൻ<br>6. പാർക്കിംഗ് പ്ലാൻ (ആവശ്യമെങ്കിൽ)<br>7. മഴവെള്ള സംഭരണി പ്ലാൻ (കുറിപ്പ് കാണുക)<br>8. ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ്<br>9. സി.ആർ.ഇസഡ് ബാധകമായ സ്ഥലത്താണ് നിർമ്മാണമെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകൾ | 1. എല്ലാ പൊതുജനങ്ങൾക്കും യഥേഷ്ടം തടസ്സമില്ലാതെ സഞ്ചരിക്കാവുന്ന പ്രദേശത്തെയാണ് റോഡ് എന്ന് വിവക്ഷിക്കുന്നത്.<br>2. അപേക്ഷയിന്മേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണസമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.<br>3. ക്ഷമതയുള്ള സൂപ്പർവൈസർ/എഞ്ചിനീയർ/ ആർക്കിടെക്ട് പ്ലാൻ തയ്യാറാക്കേണ്ടതാണ്.<br>4. മറ്റ് വകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമായ സംഗതികളിൽ പ്ലാനുകളുടെ അധിക പകർപ്പുകൾ സമർപ്പിക്കേതാണ്. | കെ.പി.ബി. ആർ. പട്ടിക 1, 2 പ്രകാരം | 30 ദിവസം |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അ ട ക്ക ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | | | | |
| 1 | കെട്ടിടനിർമ്മാണ പെർമിറ്റുകൾ<br>കാറ്റഗറി 1 പഞ്ചായത്തുകളിൽ സർക്കാർ അംഗീകൃത സ്കീമുകൾ വഴിയോ മറ്റ് ഏജൻസികളുടെ ധനസഹായത്തോടെയോ നിർമ്മിക്കുന്ന വാസഗൃഹങ്ങൾക്കുള്ള പെർമിറ്റ് (60 ച.മീ. (ചട്ടം 72 മുതൽ 76 വരെ) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | അപേക്ഷ സങ്കേതം, ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം<br>1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (അനുബന്ധം 22)<br>2. ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ആധാരം/പട്ടയത്തിന്റെ പകർപ്പ്, കൈവശാവകാശത്തിന്റെ പകർപ്പ്, ഭൂനികുതി അടച്ച രസീതി എന്നിവയുടെ പകർപ്പുകൾ<br>3. സൈറ്റ് പ്ലാൻ (സ്വയം വരച്ചതായാലും മതി) _<br>4. ബന്ധപ്പെട്ട വകുപ്പിൽ നിന്നും സ്കീമിൽ ഉൾപ്പെടുത്തിയതിന്റെ രേഖ | 1. അപേക്ഷയിന്മേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണസമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.<br>2. അപേക്ഷയിൽ എത്ര നില, വിസ്തീർണ്ണം എന്നിവ കാണിച്ചിരിക്കണം.<br>3. ധനസഹായം അനുവദിക്കുന്നത് സ്ഥലമുടമയുടെ പേരിലല്ലാതെ പങ്കാളിയുടെ പേരിലാണെങ്കിൽ സ്ഥലമുടമ 100 രൂപയുടെ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം നൽകിയാൽ മതിയാകുന്നതാണ്. | ഇല്ല | 30 ദിവസം |
| 2 | കെട്ടിടനിർമ്മാണ പെർമിറ്റുകൾ<br>സ്ഥലം ഡെവലപ്മെന്റിനുള്ള പെർമിറ്റുകൾ (ചട്ടം 5, 31, 32, 33) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | അപേക്ഷ സങ്കേതം, ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം<br>1. അനുബന്ധം എ‌എയിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ പതിച്ചതുമായ അപേക്ഷ<br>2. അപേക്ഷാ ഫീസ് 20 രൂപ അടച്ച രശീത്<br>3. സൈറ്റ് പ്ലാൻ<br>4. സർവ്വീസ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ<br>5. പട്ടയം/ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനക്ക് ഹാജരാക്കണം)<br>6. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രശീതിന്റെ പകർപ്പ്<br>7. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>8. ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ് | 1. അപേക്ഷയിന്മേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണസമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.<br>2. ചട്ടം 6 അനുസരിച്ചുള്ള ക്ലിയറൻസുകൾ ഉറപ്പാക്കണം.<br>3. പെർമിറ്റ് അനുവദിക്കുന്നത് അതാത് സംഗതി പോലെ ചട്ടം 31, 32, 33 പ്രകാരമായിരിക്കണം. | അപേക്ഷാ ഫീസ് 20 രൂപ<br>പെർമിറ്റ് ഫീസ് പ്ലോട്ടുകളായി തിരിക്കൽ<br>കാറ്റഗറി 1. പഞ്ചായത്തിൽ ഹെക്ടറിന് 500 രൂപ വീതം<br>കാറ്റഗറി 2. പഞ്ചായത്തിൽ ഹെക്ടറിന് 250 രൂപ വീതം<br>മറ്റു ഡെവലപ്മെന്റുകൾ<br>കാറ്റഗറി 1. പഞ്ചായത്തിൽ ആറിന് 500 രൂപ വീതം<br>കാറ്റഗറി 2. പഞ്ചായത്തിൽ ആറിന് 250 രൂപ വീതം | 30 ദിവസം |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | | | | |
| 3 | കെട്ടിടനിർമ്മാണ പെർമിറ്റുകൾ<br>ഓക്യുപെൻസി സർട്ടിഫിക്കറ്റ് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 1. വെള്ളക്കടലാസിലുള്ള അപേക്ഷകൾ<br>കാറ്റഗറി 1. പഞ്ചായത്ത്<br>- 150 ച.മീറ്റർ രു നിലയിൽ പരിമിതപ്പെടുത്തിയ വാസഗൃഹങ്ങൾക്ക് ഫോറം ഇ യിലും എഫിലും ഉള്ള സർട്ടിഫിക്കറ്റ്<br>കാറ്റഗറി 2-പഞ്ചായത്ത്<br>- 100 ച.മീ. രുനിലയിൽ പരിമിതപ്പെടുത്തിയ വാസഗൃഹങ്ങൾക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ആവശ്യമില്ല.<br>- മറ്റുള്ളവയ്ക്ക് കാറ്റഗറി 1ൽ പറഞ്ഞിട്ടുള്ള പ്രകാരം ഫോറം ഇ യിസും എഫിലും ഉള്ള സർട്ടിഫിക്കറ്റ് | 1. അംഗീകരിച്ച പ്ലാനിൽ നിന്നും (ചട്ടം 10ൽ പറഞ്ഞിട്ടുള്ള മാറ്റങ്ങൾ ഒഴിച്ചുള്ളവ) ഭേദഗതികൾ ഉെങ്കിൽ പുതുക്കിയ പ്ലാൻ കൂടി നൽകി അംഗീകാരം വാങ്ങണം.<br>2. അംഗീകരിച്ച പ്ലാനിൽ നിന്നും തുറസ്സായ സ്ഥലങ്ങളുടെ കാര്യത്തിൽ പരമാവധി 25 സെ.മീ. എന്ന വ്യവസ്ഥക്ക് വിധേയമായി 5% വരെ കുറവ് സെക്രട്ടറിക്ക് അനുവദിക്കാവുന്നതാണ് (റൂൾ 25(3))<br>3. 15 ദിവസത്തിനകം ഉപയോഗ സർട്ടിഫിക്കറ്റ് സംബന്ധിച്ച് തീരുമാനം എടുത്തില്ലെങ്കിൽ യഥാവിധി സർട്ടിഫിക്കറ്റ് ലഭിച്ചതായി കണക്കാക്കാം.<br>4. പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടങ്ങൾക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റോ ഓക്യുപെൻസി സർട്ടിഫിക്കറ്റോ ആവശ്യമില്ല.<br>5. പണി പൂർത്തിയാകാത്ത കെട്ടിടത്തിൽ അതിന്റെ പൂർത്തിയായ ഭാഗം ഉപയോഗിക്കുന്നതുമൂലം അപകടസാധ്യത ഇല്ലെങ്കിൽ പൂർത്തിയായ ഭാഗം ഉപയോഗിക്കുന്നതുമൂലം അപകടസാധ്യത ഇല്ലെങ്കിൽ പൂർത്തിയാക്കിയ ഭാഗത്തിന് ഓക്യുപെൻസി സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. (ചട്ടം 25(4)) | ഇല്ല | 15 ദിവസം |
| 4 | കെട്ടിടനിർമ്മാണ പെർമിറ്റുകൾ<br>കിണർ നിർമ്മിക്കൽ (റൂൾ 91 മുതൽ 97 വരെ) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | അപേക്ഷ സങ്കേതം, ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം<br>1. അനുബന്ധം എയിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം.<br>2. സൈറ്റ് പ്ലാൻ (നിർമ്മിക്കാനുദ്ദേശിക്കുന്ന കിണറിന്റെ സ്ഥാനവും അതിരിൽ നിന്നുള്ള ദൂരം 7.5 മീറ്റർ ചുറ്റളവിൽ ഉള്ളതായ മറ്റ് നിർമ്മിതകളുടെ വിവരവും വ്യക്തമാക്കണം)<br>3. പട്ടം / ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനക്ക് ഹാജരാക്കണം)<br>4. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രശീതിന്റെ പകർപ്പ്<br>5. കൈവശാവകാശ സർട്ടിഫിക്കറ്റ് | 1. അപേക്ഷയിന്മേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണസമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.<br>2. കിണറും കക്കൂസ് ടാങ്കും തമ്മിലുള്ള ദൂരം ചുരുങ്ങിയത് 7.50 മീറ്ററെങ്കിൽ ഉായിരിക്കണം.<br>3. കുഴൽ കിണർ നിർമ്മിക്കുന്നതിനും പെർമിറ്റ് ആവശ്യമാണ്. ആയതിലേക്ക് ഭൂജലവകുപ്പിന്റെ ക്ലിയറൻസ് വാങ്ങിയിരിക്കണം. (റൂൾ 93എ)<br>4. പെർമിറ്റ് കാലാവധി 2 വർഷം പുതുക്കുന്നത് ഒരു വർഷത്തേയ്ക്ക് മാത്രം. | അപേക്ഷാ ഫീസ് 5 രൂപ<br>പെർമിറ്റ് ഫീസ് കാറ്റഗറി 1 ൽ പെട്ട ഗ്രാമപഞ്ചായത്ത് - 15 രൂപ<br>കാറ്റഗറി 2 ൽ പെട്ട ഗ്രാമപഞ്ചായത്ത് - 10 രൂപ | 30 ദിവസം |
| 5 | കെട്ടിടനിർമ്മാണ പെർമിറ്റുകൾ<br>മതിൽ/വേലി-പൊതുവഴിയോടും പൊതുസ്ഥലത്തോടും ചേർന്ന അതിർത്തികൾ നിർമ്മിക്കുന്നതിന് (റൂൾ 87 മുതൽ 90 വരെ) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | അപേക്ഷ സങ്കേതം, ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം<br>1. ഫോറം എ യിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. അപേക്ഷാഫീസ് 5 രൂപ അടച്ചതിന്റെ രശീതി<br>3. പട്ടയം/ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനക്ക് ഹാജരാക്കണം)<br>4. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രശീതിന്റെ പകർപ്പ്<br>5. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>6. സൈറ്റ് പ്ലാൻ | 1. അപേക്ഷയിന്മേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണസമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.<br>2. നിലം, തണ്ണീർതടം എന്നിവിടങ്ങൾക്ക് ചുറ്റും മതിൽ കെട്ടാൻ അനുമതി നൽകാൻ പാടില്ല.<br>3. മതിലിന്റെ പെർമിറ്റ് കാലാവധി 1 വർഷം | അപേക്ഷാ ഫീസ് 5 രൂപ<br>പെർമിറ്റ് ഫീസ് കാറ്റഗറി 1 ൽ മീറ്ററിന് 2 രൂപ<br>കാറ്റഗറി 2ൽ മീറ്ററിന് 1 രൂപ | 30 ദിവസം |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | | | | |
| 6 | വസ്തുനികുതി കെട്ടിടത്തിന് നമ്പർ നൽകൽ (വകുപ്പ് 235) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | അപേക്ഷ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം<br>**പെർമിറ്റ് പ്രകാരം പണിത കെട്ടിടത്തെ സംബന്ധിച്ച്**<br>1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ-അനുബന്ധം 27<br>2. ഓക്യുപെൻസി സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ബാധകമായ പുതിയ കെട്ടിടങ്ങൾക്ക് മാത്രം) 2.85 കുറിപ്പ് കാണുക.<br>3. വസ്തു നികുതി ചട്ടം ഫാറം 2 ലുള്ള റിട്ടേൺ (ചട്ടം 11(2))<br>**പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടത്തെ സംബന്ധിച്ച്**<br>1. വെള്ളക്കടലാസിലുള്ള അപേക്ഷ (അനുബന്ധം 27)<br>2. എ2 ഫോറവും അനുബന്ധരേഖകളും നൽകിയിട്ടില്ല എങ്കിൽ താഴെപ്പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കണം.<br>- കെട്ടിടത്തിന്റെ വിവരങ്ങളടങ്ങുന്ന സ്റ്റേറ്റ്മെന്റ് (അനുബന്ധം 28 കാണുക)<br>- കെട്ടിടത്തിന്റെ അതിരുകൾ വ്യക്തമാക്കുന്ന റഫ് സ്കെച്ച്<br>- ആധാരത്തിന്റെ പകർപ്പ്<br>- പൊസഷൻ സർട്ടിഫിക്കറ്റ്<br>- ഭൂനികുതി അടച്ച രശീതിയുടെ പകർപ്പ്<br>3. വസ്തു നികുതി ചട്ടം 2 ലുള്ള റിട്ടേൺ (ചട്ടം | 1. പെർമിറ്റ് ആവശ്യമായ സംഗതികളിൽ പെർമിറ്റ് കൂടാതെ പണിതതാണെങ്കിൽ റഗുലറൈസേഷൻ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കണം.<br>2. കെ.പി.ആർ. സെഷൻ 207 അനുസരിച്ച് നികുതി ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഫോറം 2 എ യിലുള്ള റിട്ടേൺ കൂടി അപേക്ഷകൻ സമർപ്പിക്കണം (വസ്തുനികുതി ചട്ടം 11(1))<br>3. കെ.പി.ആർ. വകുപ്പ് 235(എ.എ) പ്രകാരം എല്ലാ അനധികൃത കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ നൽകി വസ്തു നികുതിയും അതിന്റെ ഇരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേ തു്. പ്രത്യേക നമ്പർ നൽകുന്നതോടൊപ്പം കെ.പി.ആർ. സെക്ഷൻ 235 പ്രകാരം കെട്ടിടം പൊളിച്ചു കളയുന്നതിനുള്ള നടപടികളും സ്വീകരിക്കണം.<br>4. കാറ്റഗറി 2 പഞ്ചായത്തിലും ചട്ടം 133 അനുസരിച്ചുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് മുമ്പ് അതിന്റെ ഉപയോഗ യോഗ്യത ഉറപ്പാക്കണം. കെട്ടിടത്തിന്റെ ഉപയോഗമാറ്റവും ഘടനാ വ്യത്യാസവും 30 ദിവസത്തിനകം അറിയിക്കണം. ഇല്ലെങ്കിൽ പിഴചുമത്താവുന്നതാണ് (ചട്ടം 11(2)) | ആവശ്യമില്ല | 30 ദിവസം |
| 7 | വസ്തുനികുതി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കൽ (പൊളിച്ചു നീക്കിയ കെട്ടിടങ്ങൾ വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾ) അപേക്ഷ നൽകുന്ന തിയ്യതി മുതല് മാത്രമേ നികുതി ഒഴിവാക്കുകയുള്ളൂ. | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 1. വെള്ളക്കടലാസിൽ തയ്യാറാക്കിയ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ - അനുബന്ധം 29 | 1. വസ്തു നികുതി ചട്ടം 24(3), 25 എന്നിവയ്ക്ക് വിധേയമായിട്ടാണ് നികുതി ഒഴിവാക്കൽ കണക്കാക്കേ ത്.<br>2. ആർമി, നേവി, എയർഫോഴ്സ് എന്നിവയിൽ നിന്നും വിരമിച്ച വിമുക്തഭടന്മാരുടെ/ഭാര്യയുടെ പേരിലുള്ള 2000 ച.മീ. അടിയിൽ കവിയാത്ത വിസ്തീർണ്ണമുള്ള യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഒരു വീട്ടുനികുതി ഇളവ് അനുവദിക്കാവുന്നതാണ്. (സ.ഉ.(എം.എസ്.) 242/2013 തസ്വഭവ തിയ്യതി 2.7.2013 ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ 10നകം പ്രത്യേകം അപേക്ഷ നൽകണം. ആനുകൂല്യം നൽകിയ വിവരം സർവീസ് രേഖയിൽ ചേർക്കണം. | ഇല്ല | പൗരാവകാശ രേഖ പ്രകാരം 5 ദിവസം |



16

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | | | | |
| 8 | **വസ്തുനികുതി** ഒഴിഞ്ഞ്കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് ചെയ്യൽ (2011ലെ വസ്തുനികുതി ചട്ടങ്ങൾ ചട്ടം 21) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ (5 രൂപ കോർട്ട് ഫീ സഹിതം) - അനുബന്ധം 30<br>(ഓരോ അർദ്ധ വർഷത്തേക്കും പ്രത്യേകം അപേക്ഷ നൽകണം) | 1. നികുതി ഇളവ് ലഭിക്കുന്നതിന് കെട്ടിട ഉടമ അപേക്ഷ നൽകിയ തിയ്യതി മുതലോ കെട്ടിടങ്ങൾ ഒഴിഞ്ഞു കിടന്ന തിയ്യതി മുതലോ ഏതാണ് ഒടുവിൽ ആ തിയ്യതി മുതൽ ചട്ടം 21ന് വിധേയമായി ഒരർദ്ധവർഷത്തിൽ വാർഷിക വസ്തു നികുതിയുടെ പകുതിയിൽ കവിയാത്ത തുക (അർദ്ധ വർഷത്തെ മുഴുവൻ നികുതി) ഒഴിഞ്ഞു കിടക്കുന്ന കാലത്തിന് ആനുപാതികമായി ഇളവ് ചെയ്തുകൊടുക്കാവുന്നതാണ്. | ആവശ്യമില്ല | 45 ദിവസം |
| 9 | വസ്തുനികുതി നികുതിയിന്മേലുള്ള അപ്പീൽ (2011ലെ വസ്തുനികുതി ചട്ടങ്ങൾ ചട്ടം 16, 1996ലെ നികുതി നിർണ്ണയവും അപ്പീലും ചട്ടങ്ങൾ) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 1. വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് സഹിതം) - അനുബന്ധം 31<br>2. നികുതി അടച്ച രശീതിയുടെ പകർപ്പ് | 1. നികുതി അടച്ചശേഷം മാത്രമേ അപ്പീലുകൾ പരിഗണിക്കുകയുള്ളൂ.<br>2. ഡിമാന്റ് നോട്ടീസ് കൈപ്പറ്റി 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കണം<br>3. അപ്പീൽ തീർപ്പാക്കുന്നതിന് മുമ്പായി പരാതിക്കാരെ നേരിൽ കേൾക്കണം.<br>4. സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനം ഉത്തരവായി നൽകേത് സ്റ്റാന്റിംഗ് കമ്മറ്റിയ്ക്കുവേി സെക്രട്ടറിയാണ്. | ഇല്ല | അപ്പീൽ ലഭിച്ച് 60 ദിവസത്തിനകം |
| 10 | **സർട്ടിഫിക്കറ്റുകൾ** വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ - അനുബന്ധം 32 | 1. പദ്ധതി ധനസഹായം സംബന്ധിച്ച അപേക്ഷകളിന്മേൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കും സർട്ടിഫിക്കറ്റ് നൽകാം. | ഇല്ല | 2 ദിവസം |
| 11 | **സർട്ടിഫിക്കറ്റുകൾ** ഉടമസ്ഥാവകാശം/ താമസ സർട്ടിഫിക്കറ്റുകൾ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 1. വെള്ളക്കടലാസിൽ തയ്യാറാക്കിയ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ - അനുബന്ധം 34<br>2. അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം/രുപേരും കൂടി ഒപ്പുവെച്ച വാടകകരാർ | 1. കൈവശം/താമസം സംബന്ധിച്ച് സെക്രട്ടറിയോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കണം.<br>2. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് 8.7.2012ലെ 1557/ഇ.എ1/2010/ത.സ്വ.ഭ.വ. സർക്കുലറിലെ നിബന്ധനകൾ പാലിക്കണം. സർട്ടിഫിക്കറ്റ് അതിൽ പറഞ്ഞ മാതൃകയിൽ ആയിരിക്കണം. മാതൃക അനുബന്ധം 35 ആയി ചേർത്തിട്ടു്..<br>3. കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന (നിലം നികത്തുൾപ്പെടെയുള്ളതും) 4.6.2012വരെയുള്ള വാസഗൃഹങ്ങൾക്ക് യു.എ.നമ്പർ നൽകി, റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നിവയ്ക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകാവുന്നതാണ് (സ.ഉ.(എം.എസ്.) 211/2012 തസ്വഭവ തിയ്യതി 4.6.2012 സർക്കുലർ നമ്പർ 38476/ആർ.എ1/തസ്വഭവ 11.10.2012) | ഇല്ല | താമസ സർട്ടിഫിക്കറ്റിന് 2 പ്രവൃത്തി ദിവസം<br>ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന് 3 പ്രവൃത്തി ദിവസം |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭ്യമാക്കുന്ന ആഫീസ് ഉദ്യോഗസ്ഥൻ | അപേക്ഷിക്കേ വിധം | മറ്റ് നിബന്ധനകൾ | അടക്കേണ്ട ഫീസ് | ലഭ്യമാകുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | | | | |
| 12 | **സർട്ടിഫിക്കറ്റുകൾ**<br>ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതാണെന്നുള്ള സർട്ടിഫിക്കറ്റുകൾ നൽകൽ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ബി.പി.എൽ. വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ (വാർഡ് നമ്പറും വീട്ടുനമ്പറും ഉൾപ്പെടുത്തിയിരിക്കണം) | 1. അംഗീകരിച്ച ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.<br>ചികിത്സാ സഹായത്തിന്<br>സപ്ലൈ ഓഫീസിൽ റേഷൻ ആവശ്യങ്ങൾക്ക് അപേക്ഷ നൽകുന്നതിന്<br>സ്കൂൾ കുട്ടികൾക്കുള്ള സ്കോളർഷിപ്പിന്<br>ഇലക്ട്രിസിറ്റി വകുപ്പിലേക്ക് വൈദ്യുതി കണക്ഷന്<br>സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക്<br>പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നതിന്<br>നിയമാനുസൃതമായ മറ്റ് ആവശ്യങ്ങൾക്ക്<br>ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകുന്നതിന് സ.ഉ.(കൈ) 145/2014/തസ്വഭവ തിയ്യതി 13.8.2014 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടു്. | | 2 ദിവസം |
| 13 | വസ്തുനികുതി<br>നികുതി രഹിത കെട്ടിടം എന്ന സർട്ടിഫിക്കറ്റ് | സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | വാർഡ് നമ്പറും കെട്ടിടനമ്പറും വ്യക്തമാക്കി കൊുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം) മാതൃകയ്ക്ക് അനുബന്ധം 42 കാണുക. | | ഇല്ല | 2 ദിവസം |
| 14 | **സർട്ടിഫിക്കറ്റുകൾ**<br>കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് | സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | 1. വാർഡ് നമ്പറും കെട്ടിട നമ്പറും വ്യക്തമാക്കികൊ് വെള്ളകടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം) മാതൃക അനുബന്ധം 41 കാണുക)<br>2. നികുതി കുടിശ്ശിക ഉെങ്കിൽ ആയത് അടച്ച രശീതി<br>3. നികുതി നിശ്ചയിച്ചതു സംബന്ധിച്ച മുൻകാല രേഖകൾ ഉെങ്കിൽ അവ | | ഇല്ല | 2 ദിവസം |
| | | | | | | |



18